(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു തീരുമാനമാണ് ഗവണ്മെണ്ടു ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നതു";

(സി) ഐക്യസംസ്ഥാനത്തിലെ ഇന്നത്തെ പരിതഃസ്ഥിതികളെ പരിഗണിച്ചാൽ നിലവിലുള്ളമാതിരി കാളേജുകളേക്കാൾ കൂടുതൽ ആവശ്യവും, പ്രയോജനവും, കാഷ്ഠികവും, വ്യാവസായികവുമായ വിഷയങ്ങളിൽ പ്രായോഗികപരിശീലനം കൊടുക്കുന്ന കോളേജുകളാണെന്ന ഗവണ്മെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം കോളേജുകൾ തുറക്കുന്നതിനു് അപേക്ഷകൾക്കു വേണ്ട നിർദ്ദേശം കൊടുക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) പന്തളത്തു് ഒരു കോളേജു സ്ഥാപിക്കുന്നതിനു മാത്രം അപേക്ഷ ലഭിക്കുകയുണ്ടായി.

(ബി) അപേക്ഷ താൽക്കാലികമായി അനുവദിച്ചു.

(സി) & (ഡി) ഗവണ്മെണ്ടു് അതേപ്പറ്റി ആലോചിക്കുന്നതാണു്.

ഈഴത്തൻകാട്ടു് ഹരിജൻ സെൻറർ

*൨൪൩൮. (൨൩൬൭) ശ്രീ. ടി. കൊച്ചുകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കടിയപട്ടണം പകുതിയിൽ ഈഴത്തൻകാട്ടു് എന്ന സ്ഥലത്തു് ഹരിജൻ സെൻറർ ഉണ്ടോ;

(ബി) അവിടെയുള്ള കെട്ടിടം ഹരിജനങ്ങൾക്കായി പണിതിട്ടുള്ളതാണോ;

(സി) കെട്ടിടത്തിൻെറ താക്കോൽ ഏല്പിച്ചിട്ടുള്ളതു് ആരു്, ആരുടെ പക്കൽ;

(ഡി) ആ കെട്ടിടം ജനമഠമാണോ, സ്കൂളാണോ, വായനശാലയാണോ;

(ഇ) അവിടെയുള്ള കിണറിൽനിന്നും ഹരിജനങ്ങൾക്കു വെള്ളം കോരിക്കൊടുക്കുവാൻ ആളിനെ നിയമിച്ചിട്ടുണ്ടെങ്കിൽ അയാളുടെ ശമ്പളമെന്തു";

(എഫ്) സ്കൂളാണെങ്കിൽ ഹരിജൻ വിദ്യാർത്ഥികൾ എത്ര;

(ജി) വായനശാലയാണെങ്കിൽ, വരുന്ന പത്രങ്ങൾ അഞ്ചൽശിപായി കൊടുക്കുന്നതാക്കാണു്;

(എച്ചു്) ആ കെട്ടിടത്തിനു സ്ഥലം സംഭാവനചെയ്തതു് ആരാണു്; അദ്ദേഹവും ഫീൽഡാഫീസറും ബന്ധുക്കളാണോ;

(ഐ) ഈ വൃശ്ചികമാസത്തിൽ ഭജനം നടന്നുവരുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ഉണ്ടു്.

(ബി) അതെ.

(സി) ഫീൽഡാഫീസർ ശ്രീ. പി. കുമാരപിള്ള അവിടത്തെ നൈറ്റസ്കൂൾ അദ്ധ്യാപകൻ ശ്രീ. ജി. ശിവരാമകൃഷ്ണനെ ഏല്പിച്ചിട്ടുണ്ടു്.

(ഡി) പൊതുമന്ദിരമാണു്. സ്കൂളായിട്ടും, വായനശാലയായിട്ടും ഉപയോഗിക്കുന്നു.

(ഇ) ആളിനെ നിയമിച്ചിട്ടില്ല.

(എഫ്) പതിനെട്ടു് (൧൮).

(ജി) ലൈബ്രേറിയനു്.

(എച്ചു്) ശ്രീ. എ. ഈശ്വരപിള്ള, എം. എൽ. എ. ബന്ധുക്കളാണു

(ഐ) ഹരിജനങ്ങളുടെ ഇടയിൽ ഭജന നടക്കുന്നുണ്ടു്.

പരവൂർ പൊഴിയിൽ ഒരു ചീപ്പു്

*൨൪൩൯. (൨൪൫) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം താലൂക്കിൽ പരവൂർ പൊഴിയിൽ ഒരു ചീപ്പുകെട്ടി കൃഷിയെ രക്ഷിക്കുന്നതിലേക്കായി ഗവണ്മെണ്ടിൽനിന്നും എന്തെങ്കിലും പദ്ധതി തയാറാക്കീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റിയുള്ള നടപടികൾ ഇപ്പോൾ ഏതുനിലയിൽ ഇരിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) & (ബി) പരവൂർ പൊഴിയിൽ ഒരു ചീപ്പുകെട്ടി കൃഷിയെ സംരക്ഷിക്കുന്നതിനു് ഒരു പദ്ധതി തയാറാക്കുന്നതിനു വേണ്ട നടപടികൾ ഗവണ്മെണ്ടു് എടുത്തുകഴിഞ്ഞിട്ടുണ്ടു്. അതിലേക്കു് ഒരു സ്പെഷൽ സെക്ഷൻ നിർമ്മിക്കുകയും, ആ സെക്ഷൻ പദ്ധതി തയാറാക്കുന്നതിനു വേണ്ട അന്വേഷണങ്ങൾ നടത്തിവരികയുമാണു്.

QUESTIONS POSTED FOR ANSWER ON 5TH DECEMBER 1949

സിലോൺ കൊപ്രായും വെളിച്ചെണ്ണയും ഇറക്കുമതി

*൨൪൭൦. (ഫർൺ) ശ്രീ. ശങ്കരൻ നാടാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) സിലോൺ കൊപ്രായും വെളിച്ചെണ്ണയും ഇറക്കുമതിചെയ്യുന്നതുമൂലം തിരുവിതാംകൂറിലെ കേരകർഷകർ വളരെ കഷ്ടത അനുഭവിക്കുമെന്നുള്ളതു ഗവണ്മെണ്ടിനു ബോദ്ധ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു് എന്തു പരിഹാരം കണ്ടുപിടിച്ചു എന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ടി ഇറക്കുമതിക്കു് അനുവാദം കൊടുക്കാതിരിക്കുന്നതിനു യൂണിയൻ ഗവണ്മെണ്ടു് എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നും, ഇല്ലെങ്കിൽ അതിനു കാരണമെന്തെന്നും പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ), (ബി), (സി) ഇക്കാര്യത്തെപ്പറ്റി ഇൻഡ്യാഗവണ്മെണ്ടിനോടു നിവേദനം നടത്തിക്കൊണ്ടിരിക്കുകയാണു്.

QUESTIONS POSTED FOR ANSWER ON 6TH DECEMBER 1949

പെരിഞ്ചാണി സ്കീം

*൨൭൭൨. (൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ലാൻഡ് വകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരിഞ്ചാണി സ്കീം നടപ്പിലാക്കുവാൻ ഗവണ്മെണ്ടു് ഉദ്ദേശിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോൾ മുതൽ എന്നും പറയുവാൻ ബഹു. ഗവണ്മെണ്ടിനു് ദയവുണ്ടാകുമോ;

(ബി) കല്ലിയാറിന്റേയും ഇത്തിക്കര ആറിന്റേയും തീരപ്രദേശത്തിലുള്ള പല സ്ഥലങ്ങളും കൃഷിക്കുപയുക്തമാക്കിത്തീർക്കാമെന്നുള്ള വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ഉദ്ദേശമുണ്ടു്. ൧൯൫൰-ന്റെ അവസാനത്തോടുകൂടി ഈ സ്കീമിന്റെ ജോലി പൂർത്തിയാകുമെന്നും അതിനുശേഷം അതുകൊണ്ടുള്ള പ്രയോജനം സിദ്ധിക്കുമെന്നും ഗവണ്മെണ്ടു് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ടു്. ഇതിൽ ചില പ്രദേശങ്ങളിലെല്ലാം ഇരുപ്പുകൃഷി നടത്തുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചു് അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

സ്റ്റേറ്റഗസ്റ്റേറ്റസു്

*൨൭൭൩. (ഫർൺ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി മറുപടി നൽകുമോ.—

(എ) ൧൯൫൰-ലും ൧൯൫൱-ലും ഐക്യസംസ്ഥാനത്തു് സ്റ്റേറ്റ് ഗസ്റ്റിന്റെ ആവശ്യത്തിനു് എത്ര മുറികൾ വീതം ചിലവാക്കിയിട്ടുണ്ടു്;

(ബി) ൧൯൫൱ ചിങ്ങം ൧-ാംതീ മുതൽ വൃശ്ചികം ൧-ാംതീ വരെ സ്റ്റേറ്റ് ഗസ്റ്റായി ഐക്യസംസ്ഥാനത്തു് എത്ര പേർ വന്നിട്ടുണ്ടു്; ആരെല്ലാം;

(സി) ഇൻഡ്യാഗവണ്മെണ്ടിൽനിന്നും, മദ്രാസു് തുടങ്ങിയ പ്രോവിൻഷ്യൽ ഗവണ്മെണ്ടിൽനിന്നും, ഐക്യസംസ്ഥാനത്തുവരുന്ന മന്ത്രിമാരേയും വലിയ ഉദ്യോഗസ്ഥന്മാരേയും സ്റ്റേറ്റ് ഗസ്റ്റ്സ് ആയി സ്വീകരിച്ചു് സല്ക്കരിക്കുന്നതുപോലെ ഐക്യസംസ്ഥാനത്തെ മന്ത്രിമാരും വലിയ ഉദ്യോഗസ്ഥന്മാരും ഐക്യസംസ്ഥാനത്തിനു് വെളിയിൽ പോകുമ്പോൾ അവരെ സ്റ്റേറ്റ് ഗസ്റ്റ് ആയി സ്വീകരിച്ചു സല്ക്കരിക്കാവുന്നതാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

൧൯൫൱

(എ) തിരുവിതാംകൂർഭാഗം ശ്രീ. ൈ൪,൯൯൭ ച. മ൭ കാ. ൧൫.

LIBRARY ARCHIVES Kerala Legislative Assembly